


**M.B. അബ്ദുൽ ഖാദിർ മൗലവി ★ C.A. മൂസാ മൗലവി മുവാറ്റുപുഴ**

**സലീം പുതുപ്പാടി**

? ഖുതുബ തുടങ്ങിയ ശേഷം പള്ളിയിൽ എത്തിയ ആൾ തഹിയ്യത്ത്, ജുമുഅക്ക് മുമ്പുള്ള സുന്നത്ത് എന്നിവ നിസ്ക്കരിക്കണമോ? അതല്ല, ഖുതുബ കേൾക്കാൻ ഇരിക്കണമോ? എന്താണ് വേണ്ടത്?

✔ ഖത്തീബ് മിമ്പറിൽ ഇരുന്ന ശേഷം പള്ളിയിൽ പ്രവേശിക്കുന്നവർക്ക് തഹിയ്യത്ത് സുന്നത്തുണ്ട്. ജുമുഅക്ക് മുമ്പുള്ള സുന്നത്ത് നിസ്ക്കരിച്ചിട്ടില്ലാത്തവർ തഹിയ്യത്തോടൊപ്പം അതും കൂടി കരുതി നിസ്ക്കരിക്കലാണ് ഉത്തമം. അങ്ങനെ നിസ്ക്കരിക്കുമ്പോൾ ഫർളുകൾ മാത്രം നിർവ്വഹിച്ച് നന്നെ ചുരുക്കൽ നിർബന്ധമാണ്. എന്നാൽ രണ്ട് റക്അത്തിനെക്കാൾ അധികരിപ്പിക്കലും മറ്റ് ഫർളോ സുന്നത്തോ ആയ നിസ്ക്കാരങ്ങൾ നിർവ്വഹിക്കലും ഹറാമാണ്. സാധുവാകുന്നതുമല്ല. (തുഹ്ഫ 2/455-456)

**ഉമ്മു ആഫിയ, ഈരാറ്റുപേട്ട**

? സ്ത്രീകൾക്ക് ഹജ്ജ്-ഉംറയുടെ യാത്രാ നിബന്ധനകൾ എന്തൊക്കെയാണ്? മഹ്റമുകൾ ഇല്ലാതെ വരികയോ ഉണ്ടായിരിക്കെ തന്നെ തടസ്സങ്ങൾ നേരിടുകയോ ചെയ്താൽ അത്തരം സ്ത്രീകൾക്ക് ഹജ്ജ്-ഉംറകൾ നിർബന്ധമുണ്ടോ? സുന്നത്തായ ഹജ്ജ്-ഉംറകൾക്ക് ഇവർ പുറപ്പെടാമോ? ശാഫിഈ ഹനഫീ മദ്ഹബുകൾ പ്രകാരം മറുപടി നൽകാൻ അപേക്ഷിക്കുന്നു.

✔ മറ്റ് ഉപാധികൾക്ക് പുറമെ സ്ത്രീകൾക്ക് ഹജ്ജ്-ഉംറകൾ നിർബന്ധമായിത്തീരാനുള്ള വ്യവസ്ഥ അവളോടൊപ്പം ഭർത്താവോ മഹ്റമോ മൂന്നോ അതിലധികം വിശ്വസ്തരായ സ്ത്രീകളോ ഉണ്ടായിരിക്കണമെന്നതാണ്. ഫർളായ ഹജ്ജ് - ഉംറകളാണെങ്കിൽ വിശ്വസ്തയായ ഒരു സ്ത്രീയോടൊപ്പവും, തന്റെ ശരീരത്തിന്റെ മേൽ സുരക്ഷിതത്വം ഉറപ്പുള്ളപ്പോൾ ഒറ്റക്കും പുറപ്പെടൽ ജാഇസാകും. സുന്നത്തായ ഹജ്ജ്-ഉംറകൾക്ക് വേണ്ടി വിശ്വസ്തരായ സ്ത്രീകളോടൊപ്പം പുറപ്പെടൽ ജാഇസല്ല (ഭർത്താവോ മഹ്റമോ ഇല്ലാതെ). എന്നാൽ സുന്നത്തായ ഹജ്ജ് - ഉംറകൾ നേർച്ചയാക്കുക വഴി നിർബന്ധമായിത്തീർന്നാൽ അപ്പോൾ അവൾക്ക് വിശ്വസ്തരായ സ്ത്രീകളോടൊപ്പം പുറപ്പെടാവുന്നതാണ്.(തുഹ്ഫ 4/24-25 നോക്കുക)

ഹനഫീ മദ്ഹബു പ്രകാരം മറ്റ് നിബന്ധനകൾക്കു പുറമെ ഭർത്താവോ മഹ്റമോ കൂടെ ഉണ്ടെങ്കിലേ സ്ത്രീകൾക്ക് ഹജ്ജ് - ഉംറകൾ നിർബന്ധമാകൂ. അല്ലാതെ അവർ പുറപ്പെടൽ മക്റൂഹ് തഹ്രീമാകും, (റദ്ദ് 2/510-512)

**അബ്ദുല്ല മൂവാറ്റുപുഴ.**

? ഹജ്ജ് ഉംറക്കായി പുറപ്പെടുന്ന വേളയിലും പെരുന്നാൾ ദിനങ്ങളിലും നമ്മുടെ നാട്ടിൽ ജനങ്ങൾ പരസ്പരം ആലിംഗനം (മുആനഖ) ചെയ്യുന്ന രീതി കണ്ടുവരുന്നുണ്ട്. ഇത് സുന്നത്തായ രീതിയാണോ?

✔ യാത്ര കഴിഞ്ഞും മറ്റും വരുന്നവരെ ചുംബിക്കലും ആലിംഗനം ചെയ്യലും സുന്നത്താണ്. അല്ലാത്തവരെ ആലിംഗനം ചെയ്യൽ കറാഹത്താണ്. (തുഹ്ഫ ശർവാനി സഹിതം 9/230)

**സംശയങ്ങൾ അയക്കേണ്ട വിലാസം**

**സി.എ. മൂസാ മൗലവി**
റഷീദിയ്യ ഇസ്ലാമിക് അക്കാദമി
അല്ലപ്ര പി.ഒ., കണ്ടന്തറ പെരുമ്പാവൂർ. പിൻ: 683556

**ചോദ്യ കർത്താക്കൾ പൂർണ്ണ വിലാസവും ടെലഫോൺ നമ്പറും എഴുതേണ്ടതാണ്.**